# 3 ചോദ്യങ്ങൾ



തൊട്ടടുത്ത കാക്കഞ്ചേരി ദേശത്തെ രാജാവായിരുന്നു കനകസിംഹൻ. അയാൾ ഈശ്വര വിശ്വാസിയായിരുന്നു. കൊയക്കാട് ദേശം ഭരിച്ചിരുന്ന രാജാവായിരുന്ന രാജസിംഹൻ ഒരു നിരീശ്വരവാദിയായിരുന്നു.

രാജസിംഹൻ മൂന്ന് ചോദ്യങ്ങളുമായി കനക സിംഹന്റെ അടുത്തേക്ക് ഒരു പ്രത്യേക ദൂതനെ അയച്ചു.


ആ മൂന്ന് ചോദ്യങ്ങൾക്കും തൃപ്തികരമായ ഉത്തരമൊന്നും കൊടുക്കാത്തപക്ഷം കനക സിംഹൻ നിരീശ്വരവാദിയാകണമെന്നും മറുപടി തൃപ്തികരമാണെങ്കിൽ മറ്റെയാൾ ഈശ്വരവിശ്വാസിയാകണമെന്നുമായിരുന്നു വ്യവസ്ഥ.

ആ മൂന്ന് ചോദ്യങ്ങൾ കനക സിംഹനെ വല്ലാതെ വിഷമിപ്പിച്ചു.

# വിവിധരാജ്യങ്ങളിലെ ദേശീയ വിനോദങ്ങൾ



| | |
|---|---|
| ഇന്ത്യ– | ഹോക്കി |
| പാകിസ്താൻ– | ഹോക്കി |
| ശ്രീലങ്ക– | വോളീബോൾ |
| ചൈന– | ടേബിൾ ടെന്നീസ് |
| ബംഗ്ലാദേശ് – | കബഡി |
| ഭൂട്ടാൻ– | അമ്പെയ്ത്ത് |
| മലേഷ്യ– | ബാഡ്മിന്റൺ |
| റഷ്യ– | ചെസ് |
| ഇറാൻ– | ഗുസ്തി |
| സ്പെയിൻ– | കാളപ്പോര് |
| തുർക്കി– | ഓയിൽ ഗുസ്തി |
| യു.എസ്.എ– | ബേസ് ബോൾ |
| യു.എ.ഇ– | ഒട്ടകപ്പന്തയം |
| ഇൻഡോനേഷ്യ– | ബാഡ്മിന്റൺ |
| ഇംഗ്ലണ്ട്– | ഫുട്ബോൾ, ക്രിക്കറ്റ് |





• കെ.എസ്

നിസ്സാരമായ, എന്നാൽ എളുപ്പം ഉത്തരം പറയാനാവാത്ത ചോദ്യങ്ങളായിരുന്ന അവ.

കനകസിംഹൻ മന്ത്രിസഭ വിളിച്ചുകൂട്ടി. ആ മൂന്ന് ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ആവശ്യപ്പെട്ടു. പക്ഷേ മന്ത്രിമാർക്കും ശരിയായ ഉത്തരമുണ്ടായിരുന്നില്ല. അവർ തോൽവി സമ്മതിച്ചു പിരിഞ്ഞു പോയി. ദുർഘടമായ ആ പ്രതിസന്ധി തരണം ചെയ്യാൻ അദ്ദേഹം പ്രജകളെയും വിളിച്ചു കൂട്ടി. കനകസിംഹൻ പറഞ്ഞു.

''പ്രിയ ജനങ്ങളെ, ഞാനൊരു ഉറച്ച ഈശ്വര വിശ്വാസിയാണെന്ന് നിങ്ങൾക്കറിയാമല്ലോ. പ്രകൃതിയെക്കുറിച്ചും ജീവജാലങ്ങളെക്കുറിച്ചും ആഴത്തിൽ ചിന്തിക്കുന്നവർ അജയ്യമായ ആ ശക്തിയെ വിശ്വസിക്കാതിരിക്കില്ല.

എന്നാൽ നമ്മുടെ തൊട്ടടുത്ത കൊയക്കാട് ദേശത്തെ രാജാവ് മൂന്ന് ചോദ്യങ്ങളുമായി ഒരു ദൂതനെ ഇങ്ങോട്ടയച്ചിരിക്കുന്നു. അതിനു മറുപടി കൊടുക്കാത്ത പക്ഷം ഞാൻ നിരീശ്വരവാദിയാകേണ്ടി വരും. നിങ്ങളിൽ ആർക്കെങ്കിലും ആ മൂന്ന് ചോദ്യങ്ങൾക്കും ഉത്തരം അറിയുമെങ്കിൽ എഴുന്നേറ്റു നിന്നു പറയണം....''

തുടർന്ന് ചോദ്യങ്ങൾ വായിച്ചു.

ഒന്ന്: ദൈവത്തിന്റെ മുഖം

എങ്ങോട്ടാണ്?

രണ്ട്: ദൈവത്തിന്റെ മുമ്പ് എന്താ യിരുന്നു?

മൂന്ന്: ദൈവത്തിന്റെ ജോലി എന്താണ്?

പലരും മറുപടി പറഞ്ഞെങ്കിലും അവയൊന്നും തൃപ്തികരമായിരുന്നില്ല. ഉദാഹരണ സഹിതം ഉത്തരം പറയാൻ ആർക്കും കഴിഞ്ഞില്ല. അപ്പോഴാണ് ഒരു ബാലൻ രാജസദസ്സിലേക്ക് കയറിവന്നത്.

''ഞാൻ മറുപടി പറയാം...''– ബാലൻ പറഞ്ഞു.

''നീയോ?'' രാജാവ് അദ്ഭതപ്പെട്ടു. പണ്ഡിത ശിരോമണികൾ ഉത്തരം മുട്ടി നിൽക്കുമ്പോൾ വെറുമൊരു ബാലൻ അതെങ്ങനെ സാധിക്കുമെന്നായിരുന്നു രാജാവിന്റെ സംശയം.

''അതെ ... ഞാൻ ഉത്തരം തരാം. അതിനു മുമ്പായി എനിക്കൊരു നിലവിളക്ക് തരണം''– ആ ബാലൻ വിനീതനായി പറഞ്ഞു.

നിമിഷങ്ങൾക്കകം വിളക്കുമായി ഭടന്മാരെത്തി. ദൂതനെ അരികിൽ വിളിച്ച് ബാലൻ പറഞ്ഞു. ''ഈ വിളക്കിന്റെ മുഖം എങ്ങോട്ടാണെന്നു പറയാമോ?''

''നാനാ ഭാഗത്തേക്കുമാണ്.''– ദൂതൻ പറഞ്ഞു.

''അതു തന്നെയാണ് ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരം. ദൈവത്തിന്റെ മുഖം നാനാദിക്കിലേക്കുമാണ്.''

ദൂതൻ അതു സമ്മതിച്ചു. രണ്ടാമത്തെ ചോദ്യത്തിനുത്തരമായി ബാലൻ ചോദിച്ചു. ''ഒന്നിനു മു

## ചക്ക എന്ന ഔഷധം

ജാക്ക്ഫ്രൂട്ട് എന്ന് വിളിക്കുന്ന ചക്കയുടെ ചുളയിലും ചക്കക്കുരുവിലും ഉള്ള ജാക്കലിൻ, ലെയ്റ്റിൻ എന്നീ ഘടകങ്ങൾക്ക് എയിഡ്സ് പ്രതിരോധ ശേഷി ഉണ്ടെന്ന് ഫ്രാൻസിലെ മോണ്ട് പെല്ലർ (Mont pellier) സർവകലാശാലയിലെ മൈക്രോബയോളജി ശാസ്ത്രജ്ഞനായ ജീൻ ഫവേറോയും (Jean Favaro) സംഘവും കണ്ടെത്തിയിരിക്കുന്നു. ചക്കക്കുരുവിലെ നേർത്ത തവിട്ടുനിറമുള്ള തൊലിയിൽ ക്യാൻസറിനെ ചെറുക്കുന്ന ഘടകങ്ങളുണ്ടെന്ന് അതിന് മുമ്പ് തന്നെ ശാസ്ത്രജ്ഞർ കണ്ടെത്തിയതാണ്.



• എം



മെന്താണ്?''

''ഒന്നുമില്ല....'' ദൂതൻ പറഞ്ഞു.

''ഒന്ന് എന്ന സംഖ്യയ്ക്കു മുന്നിൽ ഒന്നുമില്ല.'' അതു ദൂതൻ സമ്മതിച്ചു.

ബാലൻ രാജാവിനെ സമീപിച്ച് എഴുന്നേൽക്കാൻ പറഞ്ഞു. അദ്ദേഹം എഴുന്നേറ്റു നിന്നു

ഉടൻ തന്നെ ബാലൻ രാജാവിരുന്ന സിംഹാസനത്തിൽ ഇരുന്നു. എന്നിട്ട് പറഞ്ഞു. ''ഇതു തന്നെയാണ് ദൈവത്തിന്റെ ജോലി. ഉയർന്നവരെ താഴ്ത്തുകയും താഴ്ന്നവരെ ഉയർത്തുകയും ചെയ്യുക.''

ദൂതൻ സംതൃപ്തനായി തിരിച്ചുപോയി. രാജാവ് നിരവധി സമ്മാനങ്ങൾ ബാലന് സമ്മാനിച്ചു. വ്യവസ്ഥപ്രകാരം കൊയക്കാട് ദേശത്തെ രാജാവ് ഈശ്വരവിശ്വാസിയായിത്തീർന്നു.

● വിനു പ്രണവം